**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1052** **09-10-2024 - ൽ മറുപടിയ്ക്ക്**

**തിരുവല്ല മല്ലപ്പള്ളി കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യു ടി. തോമസ് | | ശ്രീ. റോഷി അഗസ്റ്റിന്‍<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തിരുവല്ല–ചങ്ങനാശ്ശേരി നഗരസഭകൾക്കായി കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള കുടിവെള്ള പദ്ധതിയിൽ ഇനിയും പൂർത്തീകരിക്കുവാനുള്ള ഘടകങ്ങൾ ഏതൊക്കെയെന്ന് വിശദമാക്കാമോ? | (എ) | തിരുവല്ല ചങ്ങനാശ്ശേരി നഗരസഭകൾക്കായി കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള കുടിവെള്ള പദ്ധതി 6 (പാക്കേജ് 1, 2, 3A, 3B, 4, 5) പാക്കേജുകളായിട്ടാണ് വിഭാവനം ചെയ്തിരിക്കുന്നത്.<br><br>ഇതിൽ ഒന്നും രണ്ടും അഞ്ചും പാക്കേജുകളിൽ പ്രവൃത്തികൾ പൂർത്തീകരിച്ചു.<br><br>**പാക്കേജ് 1** -ൽ കല്ലിശ്ശേരിയിലെ 10 MLD ജല ശുദ്ധീകരണശാല, കല്ലിശ്ശേരിയിലെ 25 MLD ജല ശുദ്ധീകരണശാലയുടേയും തിരുവല്ലയിലെ 33 MLD ജല ശുദ്ധീകരണശാലയുടേയും നവീകരണം ക്ലിയർ വാട്ടർ റോവാട്ടർ പമ്പ്സെറ്റുകൾ സ്ഥാപിക്കൽ എന്നിവ ഉൾപ്പെടുന്നു.<br><br>**പാക്കേജ് 2** - ൽ തിരുമൂലപുരത്തു 15 LL ഉന്നത തല ജല സംഭരണി, തിരുവല്ലയിലെ ഓഫീസ് മന്ദിരം, ക്ലിയർ വാട്ടർ പമ്പിങ് മെയിൻ, ട്രാൻസ്മിഷൻ മെയിൻ എന്നിവ ഉൾപ്പെടുന്നു.<br><br>**പാക്കേജ് 5** -ൽ തിരുവല്ലയിലെയും കല്ലിശ്ശേരിയിലെയും ജല ശുദ്ധീകരണശാലയിലേക്കുള്ള കെ.എസ്.ഇ.ബി -യുടെ ഡെഡിക്കേറ്റഡ് ഫീഡർ ലൈൻ സ്ഥാപിക്കൽ. (കെ.എസ്.ഇ.ബിയിൽ തുക ഡെപോസിറ്റ് ചെയ്ത് പ്രവൃത്തി പൂർത്തീകരിച്ചു).<br><br>പാക്കേജ് 3 (എ) യിൽ ഉൾപ്പെട്ട തിരുവണ്ടൂരിൽ 15 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നത തല ജല സംഭരണി, പമ്പിങ് മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തി, വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി, പാക്കേജ് 3 (ബി) യിൽ ഉൾപ്പെട്ട കുറ്റൂർ ഗ്രാമ പഞ്ചായത്തിലെ 15 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജല സംഭരണിയുടെ നിർമ്മാണവും പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി, പാക്കേജ് 4 ൽ ഉൾപ്പെട്ട കല്ലിശ്ശേരി, കറ്റോട് പമ്പ് ഹൗസുകളുടെയും തിരുവല്ല |

| | | | |
|---|---|---|---|
| | | | ശുദ്ധീകരണശാലയിലെ സബ് സ്റ്റേഷന്റെ നവീകരണ പ്രവൃത്തികളുമാണ് പൂർത്തിയാക്കുവാനുള്ളത്.<br><br>ഇതിൽ പാക്കേജ് 3(എ) യിൽ ഉൾപ്പെട്ട ജലസംഭരണി നിർമ്മിക്കുന്നതിനുള്ള പൈൽ ക്യാപ് സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു. റെയിൽവേ ലൈനിന് സമാന്തരമായി പമ്പിങ് മെയിൻ സ്ഥാപിക്കുന്നതിന് ആദ്യം റെയിൽവേ അതോറിറ്റിയുടെ അനുമതിക്കായി അപേക്ഷിച്ചെങ്കിലും ടി സ്ഥലം റെയിൽവേ ചട്ട പ്രകാരം അപ്രായോഗികമായതിനാൽ മറ്റൊരു സ്ഥലം തെരെഞ്ഞെടുത്തു വീണ്ടും അനുമതിക്കായി അപേക്ഷിച്ചിട്ടുണ്ട്.<br><br>**പാക്കേജ് 3 (ബി)** യിൽ ഉൾപ്പെട്ട കുറ്റൂർ ഗ്രാമ പഞ്ചായത്തിലെ 15 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജല സംഭരണിയുടെ നിർമ്മാണവും പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയും ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കി വരുന്നു. ഇതിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു. ജല സംഭരണി നിർമ്മിക്കുന്ന പ്രവൃത്തിയുടെ ടെൻഡർ നടപടികൾപുരോഗമിച്ചു വരുന്നു.<br><br>**പാക്കേജ് 4** ൽ ഉൾപ്പെട്ട പ്രവൃത്തികൾ 95% പൂർത്തീകരിച്ചു. കെ.എസ്.ഇ.ബി. യിൽ നിന്ന് പവർ കണക്ഷൻ കൂടി ലഭിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ